## പതിമൂന്നാം കേരളനിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.98 — 10.06.2013 ന് മറുപടിയ്ക്ക്

## സംയുക്ത വനപരിപാലന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വനവുമായി ബന്ധപ്പെട്ട ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) അമൂല്യങ്ങളായ വനങ്ങളുടെ അപൂർവ്വതകൾ ജനങ്ങൾക്ക് അടുത്തറിയാനും, വനാശ്രിത ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ലക്ഷ്യമിട്ട് നടപ്പാക്കുന്നതാണ് ഇക്കോ ടൂറിസം പദ്ധതികൾ. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് കേരളത്തിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. താഴെപ്പറയുന്നവയാണ് ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.<br>• വനാസ്വാദനം വഴി വനം കാത്തുസൂക്ഷിക്കുവാനുള്ള അവബോധം സമൂഹ മനസ്സിൽ സൃഷ്ടിക്കുക.<br>• സന്ദർശകർ മൂലം ഉണ്ടാകാവുന്ന കെടുതികൾ പരിഹരിച്ച് വനങ്ങളേയും പുഴകളേയും അവയുടെ തനിമയിൽ നിലനിർത്താൻ സഹായിക്കുക.<br>• പ്രകൃതിരമണീയമായ വനമേഖലകളിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ വനവും വനവിഭവങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രധാന വരുമാന മാർഗ്ഗമായി മാറ്റുക.<br>• സന്ദർശകരുടെ സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം സാമൂഹ്യ വിരുദ്ധരുടെ അതിക്രമം അവസാനിപ്പിക്കുക.<br>• വനാശ്രിതരുടെ ജീവിതോപാധി വർദ്ധിപ്പിക്കുക. |

| | |
|---|---|
| (ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വനപരിപാലനത്തിന് എന്തെല്ലാം നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വനപരിപാലനത്തിന് താഴെപ്പറയുന്ന കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>• വനങ്ങളും സംരക്ഷിതമേഖലകളും പ്രധാന ആകർഷണ കേന്ദ്രങ്ങളാക്കി നിലനിർത്തുക.<br>• പാരിസ്ഥിതികാഘാതം ലഘൂകരിക്കുക.<br>• തദ്ദേശീയരായ വനാശ്രിതരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക.<br>• സന്ദർശകർക്ക് പാർക്കിംഗ് അടക്കമുള്ള അത്യാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.<br>• അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>• സന്ദർശകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും അവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുകയും ചെയ്യുക.<br>• സുരക്ഷിതമായ സ്ഥലങ്ങളിൽ നദികളിലും, വെള്ളച്ചാട്ടങ്ങളിലും സന്ദർശകർക്ക് കുളിക്കുവാനും, നീന്തുവാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.<br>• പദ്ധതി പ്രദേശങ്ങളെ മാലിന്യമുക്തമാക്കുക.<br>• പരിസ്ഥിതി സംരക്ഷണം നടപ്പാക്കുക. |
| (സി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ? | (സി) പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവ വഴി വനവികസന ഏജൻസികളുടെ മേൽനോട്ടത്തിലാണ് സംസ്ഥാനത്ത് സംയുക്ത വനപരിപാലനവും ഇക്കോടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ.